(ബി) പരസ്യങ്ങൾ നൽകിയ ഇനത്തിൽ പത്ര-ദൃശ്യ മാധ്യമങ്ങൾക്ക് 2015 ജൂൺ 30-ന് പഴയ നിരക്ക് പ്രകാരം ഏകദേശം 28 കോടി രൂപ കൊടുത്ത് തീർക്കാനുണ്ട്. റിലീസ് ചെയ്ത പരസ്യങ്ങളുടെ ബില്ലുകൾ പൂർണ്ണമായും വകപ്പിൽ ലഭ്യമായിട്ടില്ല. ഇതിനായി തന്നാണ്ടിലെ ബഡ്ജറ്റിൽ അവശേഷിക്കുന്നതുക 16,433,44,053 രൂപയാണ്.

(സി) പരസ്യം പ്രസിദ്ധീകരണത്തിന് നൽകുന്ന ചുമതല മാത്രമാണ് വകപ്പ് ചെയ്ത് വരുന്നത്.

സൗദി അറേബ്യയിൽ നിന്ന് തിരികെയെത്തുന്ന മലയാളികളുടെ പുനരധിവാസം

89 (4124) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൗദി അറേബ്യയിൽനിന്ന് തിരികെയെത്തുന്ന മലയാളികളുടെ പുനരധിവാസ നടപടികൾക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) സൗദി അറേബ്യയിലെ നിതാഖത്ത് ഉൾപ്പെടെ ഗൾഫ് രാജ്യങ്ങളിലെ സ്വദേശീവത്കരണവും മറ്റ് വിദേശരാജ്യങ്ങളിൽ ഉണ്ടാകുന്ന പ്രത്യേക സാഹചര്യവുംമൂലം തൊഴിൽ നഷ്ടപ്പെട്ട് തിരികെ എത്തുന്ന പ്രവാസിമലയാളികൾക്ക് സുസ്ഥിര വരുമാന മാർഗ്ഗം കണ്ടെത്തുന്നതിന് സഹായിക്കുക എന്ന ഉദ്ദേശ്യത്തോടെ ഒരു സമഗ്ര പുനരധിവാസ പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനുപുറമെ തിരികെയെത്തിയവർക്കായി സ്വയംതൊഴിൽ സംരംഭകപദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി മൂലധനസബ്സിഡിയും പലിശസബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്ന NDPREM എന്ന ഒരു പദ്ധതിയും നിലവിലുണ്ട്.

859/2017.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തിരികെയെത്തിയ പ്രവാസി മലയാളികളുടെ പുനരധിവാസ പദ്ധതിയുടെ ഭാഗമായി സ്വയംതൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നതാണ് NDPREM പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ. ഇവരെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് പുതിയ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ സഹായം നൽകുക, ഇവരുടെ ജീവിതമാർഗ്ഗത്തിനായി ഒരു സുസ്ഥിരസംരംഭക മാതൃക വികസിപ്പിക്കുക എന്നതും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളാണ്.

(സി&ഡി) NDPREM പദ്ധതിയുമായി സഹകരിക്കുന്നതിന് കാനറാബാങ്കും യൂണിയൻ ബാങ്കും നോർക്ക - റൂട്ട്സുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും ആയതു പ്രകാരം റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾക്കു വിധേയമായി പരമാവധി പലിശ ഇളവു നൽകി വായ്പ നൽകിവരികയും ചെയ്യുന്നുണ്ട്.

നോർക്ക-റൂട്ട്സിലേയും ബാങ്കുകളുടെ പ്രതിനിധികൾ/ഉദ്യോഗസ്ഥരടങ്ങിയ സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി അപേക്ഷകരുടെ രേഖകൾ പരിശോധിച്ച് ലോണിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുയും ഗുണഭോക്താക്കളുടെ സമീപത്തുള്ള ബാങ്കിലേയ്ക്ക് ശുപാർശ ചെയ്യുകയും ചെയ്യുന്നു. ബാങ്ക് നിബന്ധനകൾക്ക് വിധേയമായി പ്രസ്തുത പ്രോജക്ടുകളുടെ 'ഫീസിബിലിറ്റി' പരിശോധിച്ച് ബാങ്ക് ലോൺ വിതരണം ചെയ്യുന്നു.

തൊഴിൽരഹിതരാകുന്ന വിദേശമലയാളികളുടെ പ്രശ്നങ്ങൾ

90 (4125) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വദേശിവൽക്കരണംമൂലം തൊഴിൽരഹിതരാകുന്ന വിദേശമലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത്തരത്തിൽ തൊഴിൽരഹിതരായി നാട്ടിലെത്തുന്ന പ്രവാസികൾക്ക് സ്വദേശത്ത് തൊഴിൽ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly